No.AWWF/D1/1862/16

കേരള അങ്കണവാടി വർക്കേഴ്സ് ആന്റ്
ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 15/11/2016

## സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ് - അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് അംഗങ്ങളായിട്ടുള്ള വർക്കർ, ഹെൽപ്പർമാരുടെ മരണാനുകൂല്യം, രാജി വച്ച ആനുകൂല്യം 12.11.2015 ന് മുൻപുള്ള അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) നിയമ (നിയമ നിർമ്മാണം എച്ച്) വകുപ്പ് 21380/ലെഗ്.എച്ച്-1/2015/നിയമം - നമ്പറിലെ 29.09.2015 ലെ വിജ്ഞാപനം.
2) സാമൂഹ്യനീതി വകുപ്പ് സ.ഉ(പി) നമ്പർ-69/2015 സാ.നീ.വ തീയതി 12.11.2015.

സൂചിത വിജ്ഞാപന പ്രകാരം കേരള അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ ക്ഷേമനിധി സംബന്ധിച്ച് ഓർഡിനൻസ് നിലവിൽ വന്നു. സൂചന 2 പ്രകാരം പ്രസ്തുത ഓർഡിനൻസ് 12.11.2015 ന് പ്രാബല്യത്തിൽ വന്നു. ഇതു പ്രകാരം 1992 ഏപ്രിൽ 10-ാം തീയതി സാമൂഹ്യനീതി വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് റദ്ദു ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരമാണ് ക്ഷേമനിധി സംബന്ധിച്ച് ജീവനക്കാർക്ക് വിവിധ ആനുകൂല്യങ്ങൽ നൽകുന്ന കാര്യം പരാമർശിച്ചിട്ടുള്ളത്.

ജീവനക്കാർക്ക് ആനുകൂല്യങ്ങൽ നരംകുന്നത് സംബന്ധിച്ച് പുതിയ ചട്ടം ഉണ്ടാക്കേണ്ടതുണ്ട് ആയതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. ഈ സാഹചര്യത്തിൽ 12.11.2015 ന് മുൻപ് മരണപ്പെട്ടതും രാജി വച്ചതുമായ അങ്കണവാടി ജീവനക്കാരുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷകൾ നാളിതുവരെ ഹാജരാക്കാത്ത സിഡിപിഒമാർ പ്രസ്തുത അപേക്ഷകൾ ലഭ്യമാക്കി പരിശോധിച്ച് എല്ലാ രേഖകളും ഉണ്ട് എന്ന് ഉറപ്പ് വരുത്തി. അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് 15.12.2016 ന് മുൻപായി അയച്ച് കൊടുക്കേണ്ടതും 12.11.2015 ന് മുൻപുള്ള പ്രകാരമുള്ള അപേക്ഷകൾ താങ്കളുടെ പ്രോജക്ടിൽ ശേഷിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് 30.12.2016 ന് മുൻപ് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ഈ കാര്യാലയത്തിൽ അയച്ച് തരേണ്ടതും അതാത് ജില്ലകളിൽ 12.11.2015 ന് മുൻപ് ഇപ്രകാരമുള്ള അപേക്ഷകൾ ശേഷിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. സമയപരിധി കൃത്യമായി പാലിക്കേണ്ടതാണ്.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
വെബ്സൈറ്റ്.
സ്റ്റോക്ക് ഫയൽ.

ചീഫ് എക്സിക്യൂട്ടീവ് ആഫീസർ &
അഡീഷണൽ ഡയറക്ടർ